# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1541

14-12-2012-ൽ മറുപടിക്ക്

### വൈക്കം-തവണക്കടവ് ജംഗാർ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) വൈക്കം-തവണക്കടവ് ജംഗാർ സർവ്വീസ് മുടങ്ങിയിരിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; മുടങ്ങിയതിന്റെ കാരണം വിശദമാക്കാമോ ; | (എ) വൈക്കം-തവണക്കടവ് ജംഗാർ സർവ്വീസ് 1-6-2012 മുതൽ മുടങ്ങിക്കിടക്കുകയാണ്. ജംഗാറിന്റെ സാങ്കേതിക തകരാറിനെ തുടർന്നാണ് സർവ്വീസ് മുടങ്ങിയത്.. |
| (ബി) ജംഗാർ സർവ്വീസ് മുടങ്ങുന്നത് വൈക്കം മുനിസിപ്പാലിറ്റി വേണ്ട നടപടികൾ സ്വീകരിക്കാത്തതിനാലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ജംഗാർ സർവ്വീസ് നടത്തുന്നതിന് കരാർ നൽകിയിരിക്കുന്ന M/s.P.S.Enterprises എന്ന സ്ഥാപനം ജംഗാറിന്റെ കേടുപാടുകൾ തീർക്കാത്തതിലാലാണ് സർവ്വീസ് പുനരാരംഭിക്കാൻ കഴിയാത്തത്. കരാർകാരന് ജംഗാർ ലഭ്യമാക്കി വന്നിരുന്നത് വൈക്കം മുനിസിപ്പാലിറ്റിയാണ്. |
| (സി) പ്രസ്തുത സർവ്വീസ് മുടക്കം വരുത്താതെ നടത്തുന്നതിനായി ചേന്നം-പള്ളിപ്പുറം പഞ്ചായത്തിനെ ജംഗാർ സർവ്വീസ് നടത്തുന്നതിനായി ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) ജംഗാർ സർവ്വീസ് നടത്തുന്ന ചുമതല ചേന്നം-പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് കൈമാറണമെന്ന് വൈക്കം മുനിസിപ്പാലിറ്റിയോട് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് മുനിസിപ്പാലിറ്റി അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ